# പരാദസസ്യങ്ങൾ




മാവിലും മറ്റും പടർന്നുവളരുന്ന ഇത്തിൾകണ്ണി കണ്ടിട്ടില്ലേ

ഇത്തിൾകണ്ണി മാവിൽ വളരുന്നത് ഗുണകരമാണോ? എന്തുകൊണ്ട്?

ഇത്തിൾക്കണ്ണിക്ക് ഇലകളും വേരുകളും ഉണ്ടെങ്കിലും ഇവ ആതിഥേയ സസ്യത്തിൽ നിന്ന് ജലവും ലവണവും വലിച്ചെടുത്ത് ആണ് ആഹാരം നിർമ്മിക്കുന്നത്. ഇവ ആതിഥേയ സസ്യങ്ങളെ ദോഷകരമായി ബാധിക്കുന്നു.

# അർധപരാദസസ്യങ്ങൾ





ആതിഥേയ സസ്യങ്ങളിൽ നിന്ന് ജലവും ലവണങ്ങളും വലിച്ചെടുത്ത് ഇലകളുടെ സഹായത്തോടെ സ്വന്തമായി ആഹാരം നിർമിക്കുന്ന സസ്യങ്ങളാണ് അർധപരാദങ്ങൾ. ഉദാ. ഇത്തിൾക്കണ്ണി , ചന്ദനം



ചിത്രം നോക്കൂ....

ഈ ചെടി നിങ്ങൾ കണ്ടിട്ടുണ്ടോ?

ചെടിയിൽ പടർന്നുകിടക്കുന്ന മഞ്ഞകലർന്ന ഇളം പച്ചനിറമുള്ള വള്ളിയാണ് മൂടില്ലാത്താളി.

ഇവ ആതിഥേയ സസ്യത്തിന് എന്തെങ്കിലും ദോശം വരുത്തുമോ?

മൂടില്ലാത്താളി അവ വസിക്കുന്ന സസ്യത്തിൽ നിന്ന് ആഹാരം നേരിട്ട് വലിച്ചെടുക്കുന്നു. സ്വന്തമായി ആഹാരം നിർമ്മിക്കുന്നില്ല. ഇവ ആതിഥേയ സസ്യത്തിന് ദോശം വരുത്തുന്നു.

# പൂർണപരാദ സസ്യങ്ങൾ

ലോകത്തിലെ ഏറ്റവും വലിയ പുഷ്പം ഏതാണ്?

റഫ്ളീഷ്യയും ഇതേ വിഭാഗത്തിലാണ് പെടുന്നത്.



റഫ്ളീഷ്യ

ആതിഥേയ സസ്യങ്ങൾ നിർമിച്ച ആഹാരം നേരിട്ട് വലിച്ചെടുക്കുന്ന സസ്യങ്ങളാണ് പൂർണപരാദങ്ങൾ. ഉദാ. മുടില്ലാത്താളി , റഫ്ളീഷ്യ

അർധപരാദങ്ങളും പൂർണപരാദങ്ങളും ആതിഥേയ സസ്യത്തിന് ദോഷം ചെയ്യുന്നവയാണ്.